## ഫെഡറേഷനുകൾ ഈ വർഷം ശ്രദ്ധിക്കേണ്ട പ്രധാനപ്പെട്ട 10 കാര്യങ്ങൾ

1. സിപിഎസുകളുടെ പ്രവർത്തനങ്ങളെ സജീവമാക്കാനും ഏകോപിപ്പിക്കുവാനുമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുക. മാസം തോറും അംഗങ്ങളായ സിപിഎസുകളുടെ ഭാരവാഹികളുടെ യോഗം വിളിച്ചു ചേർത്ത് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.

1.1 നാളികേര കൃഷി സംബന്ധമായ വിവരങ്ങൾ സിപിഎസുകളുടെ സഹായത്തോടെ ശേഖരിക്കുകയും വിവിധ പദ്ധതികൾക്ക് ഉപയോഗിക്കാവുന്ന രീതികൾ ക്രോഡീകരിക്കുകയും ചെയ്യുക.

1.2 കിസാൻ ക്രെഡിറ്റ് കാർഡുകൾ (കെ.സി.സി) വ്യാപകമാക്കുവാനും സർക്കാർ കാലാകാലങ്ങളിൽ നൽകുന്ന കടാശ്വാസ പദ്ധതികൾ കേരകർഷകർക്ക് നേടികൊടുക്കുവാൻ സഹായിക്കുകയും ചെയ്യുക.

1.3 മാസത്തിലൊരിക്കലെങ്കിലും ഫെഡറേഷൻ ഭാരവാഹികളുടെ യോഗങ്ങൾ ചേരുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും പുതിയ ആശയങ്ങൾ കണ്ടെത്തുകയും ചെയ്യുക.

1.4 സിപിഎഫ് നേതൃത്വത്തിന് ഏർപ്പെടുത്തുന്ന പരിശീലന പരിപാടിയിൽ പങ്കെടുക്കുകയും പരിശീലനത്തിലൂടെ നേടിയ പരിജ്ഞാനം പ്രയോജനപ്പെടുത്തുകയും ചെയ്യുക.

2. നഴ്സറി പ്രവർത്തനങ്ങൾ നേരിട്ടോ അംഗ സിപിഎസുകൾ വഴിയോ ഏറ്റെടുത്ത് നടത്തുക.

3. ആധുനിക കൊപ്ര ഡ്രയറുകൾ സ്ഥാപിച്ച് ഗുണനിലവാരമുള്ള കൊപ്ര നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അടിയന്തിരമായി നടപ്പിലാക്കുക. അംഗ സിപിഎസുകളിൽ നിന്ന് തേങ്ങ ശേഖരിച്ച് FAQ കൊപ്രയുണ്ടാക്കുന്നതിനു ശ്രദ്ധിക്കുക.

3.1 നാളികേരത്തിന്റെയും ഇടവിളകളുടേയും സംഭരണവും പ്രാഥമിക സംസ്ക്കരണവും വിപണനവും ഏറ്റെടുത്തു നടത്തുക.

3.2 സിപിഎസുകൾ വഴി തൊണ്ട് ശേഖരിക്കുകയും ചകിരി നിർമ്മാണത്തിനുള്ള സജ്ജീകരണങ്ങൾ കയർ ബോർഡിന്റെയും സംസ്ഥാന ഗവൺമെന്റിന്റെയും സാമ്പത്തിക, സാങ്കേതിക സഹായത്തോടെ ഏർപ്പെടുത്തുകയും ചെയ്യുക.

4. അംഗ സിപിഎസുകളുടെ സഹായത്തോടെ കരിക്ക് വിപണനം പ്രോൽസാഹിപ്പിക്കുവാൻ ഇളനീർ പാർലറുകളുടെ ശൃംഖലകൾ സ്ഥാപിക്കുക.

5. സിപിഎസുകളുമായി ചേർന്നു നീര ഉത്പാദനത്തിന് അനുയോജ്യമായ തെങ്ങുകളെ കണ്ടെത്തുകയും നീരയുടെ പ്രാഥമിക സംസ്ക്കരണവും നീരയുൽപന്നങ്ങളുടെ നിർമ്മാണവും ആരംഭിക്കുവാനായി നിലവിലുള്ള അബ്കാരി നിയമത്തിന്റെ കീഴിൽ പദ്ധതികൾ സർക്കാരിൽ സമർപ്പിച്ച് അനുമതി നേടുക.

5.1 ഫെഡറേഷന് നീരയുത്പാദിപ്പിക്കുന്നതിന് അനുമതി ലഭിക്കുന്നതിനു വേണ്ടി അതാതു പ്രദേശത്തെ ജനപ്രതിനിധികളുടെ സഹായം തേടുക.

5.2 ഉത്പാദക കമ്പനികളുമായി ചേർന്ന് നീര ടെക്നീഷ്യൻമാരുടെ പരിശീലനം ഏറ്റെടുത്തു നടത്തുക.

5.3 നീരയ്ക്കെതിരെയുള്ള വ്യാജ പ്രചരണങ്ങളെ ചെറുക്കുകയും പൊതുജനങ്ങളുടെയിടയിലെ തെറ്റിദ്ധാരണ മാറ്റുന്നതിനു ശ്രമിക്കുകയും ചെയ്യുക. നീരയുടെ മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ നിർമ്മാണത്തിനും വിൽപനയ്ക്കുമുള്ള പ്രോജക്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പാക്കുക.

6. നിലവിൽ ജില്ലയിൽ നാളികേരോത്പാദക കമ്പനികളുണ്ടെങ്കിൽ അവയുമായി ചേർന്നു പ്രവർത്തിക്കുക. ഇല്ലെങ്കിൽ ജില്ലയിലെ മറ്റ് ഫെഡറേഷനുകളുമായി ചേർന്ന് നാളികേര ഉത്പാദക കമ്പനി രൂപീകരിക്കുവാനുള്ള ശ്രമങ്ങൾ ഊർജ്ജിതപ്പെടുത്തുക.

6.1 ഉത്പാദക കമ്പനിയിലേക്ക് തെങ്ങുകളുടെ എണ്ണത്തിന് ആനുപാതികമായി ഓഹരി സമാഹരിച്ചുനൽകുക.

6.2 ഉത്പാദക കമ്പനി രൂപീകരണം വരെ ഫെഡറേഷനുകളുടെ കൂട്ടായ്മയായി ഓഫീസ് സംവിധാനം ജില്ലയിൽ ആരംഭിക്കുക.

7. തെങ്ങുകൃഷി പുനരുജ്ജീവന പദ്ധതി കേരളത്തിലെ മുഴുവൻ ജില്ലകളിലേക്കും വ്യാപിപ്പിച്ചിരിക്കുന്നു. അതിനു വേണ്ട പ്രാരംഭ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുക.

8. ഉത്പാദനോപാദികൾ മൊത്തത്തിൽ ശേഖരിക്കുകയും സിപിഎസുകൾക്ക് ആവശ്യാനുസരണം വിതരണം നടത്തുകയും ചെയ്യുക.

8.1 സിപിഎസുകളിൽ നിന്ന് നാളികേരവും ഇടവിള കൃഷിയിൽ നിന്നുമുള്ള ഉൽപന്നങ്ങളും സംഭരിച്ച് ഇടനിലക്കാരില്ലാതെ പട്ടണങ്ങളിലുള്ള ഉപഭോക്താക്കൾക്ക് നേരിട്ടെത്തിക്കുവാനുള്ള ശ്രമങ്ങൾ നടത്തുക.

9. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി ചേർന്ന് കാർഷിക മേഖലക്കുള്ള വിവിധ പദ്ധതികൾ സിപിഎസുകൾക്കും ഫെഡറേഷനും വേണ്ടി നേടിയെടുക്കുവാനും നടപ്പിലാക്കുവാനും ശ്രമിക്കുക.

10. തങ്ങളുടെ പ്രദേശത്തെ ജനപ്രതിനിധികളുമായി നിരന്തരം ബന്ധപ്പെട്ട് കേരകർഷകരുടെ പ്രശ്നങ്ങൾ സംസ്ഥാന ഗവൺമെന്റ് തലത്തിലും കേന്ദ്ര ഗവൺമെന്റ് തലത്തിലും അവതരിപ്പിച്ച്, കർഷകർക്ക് അനുകൂലമായ നയരൂപീകരണത്തിന് അവരുടെ സഹായ സഹകരണങ്ങൾ തേടുക.